# സ്ഫടിക പാത്രത്തിലെ സ്വർണ്ണ മത്സ്യം

റോയി മേപ്രാൽ

സമയം രാത്രി  പത്തരയായി. സഭാ ഹാളിൽ വെളിച്ചം ഇനിയും അണഞ്ഞിട്ടില്ല. നാലു മണിക്കു തുടങ്ങിയ കമ്മററി മീററിംഗ്  പ്രശ്നത്തിനു ഒരു പരിഹാരവും കാണാതെ തുടരുകയാണ്.

തൂക്കുപാലം സഭയിൽ സ്ററീഫൻ പാസ്ററർ ചാർജെടുത്തിട്ടു വർഷം രണ്ടായി. അടുത്ത രണ്ടു വർഷം കുടി ഇരിക്കുവാൻ അനുവദിക്കണമെന്ന് ഒരു പക്ഷം വാദിക്കുമ്പോൾ അതിനെ കർശനമായി മറുഭാഗം എതിർക്കുന്നു.  കാരണം ശുശ്രൂഷകനെ എല്ലാവർക്കും ഇഷ്ടമാണെങ്കിൽ തന്നെ ദൈവദാസിയോടെ മാനസികമായി പൊരുത്തപ്പെടുവാൻ കഴിയാത്ത ചിലർ സഭയിലുണ്ട്.  അതാണു ഇവിടെ അടിയന്തിരമായി ഒരു കമ്മററി ചർച്ചയിലൂടെ തീർക്കുവാൻ ശ്രമിക്കുന്നത്.

നേരമിത്രയായിട്ടും ഒരു തീരുമാനവുമെടുക്കുവാൻ കഴിയാതെ കുഴയുന്ന കമ്മററിയോഗത്തിലേക്കു പെട്ടന്നു പാസ്റററുടെ ഭാര്യ കടന്നു വന്നത് കമ്മററിക്കാരെ തെല്ല് അമ്പരപ്പിച്ചു. വിഷാദമേറിയ മുഖത്തു വളരെ പണിപെട്ടുണ്ടാക്കിയ പുഞ്ചിരിയോടെ അവർ പറഞ്ഞു തുടങ്ങി.

സഹോദരമാരെ, നിങ്ങൾ ഇത്രയും നേരം ചർച്ച ചെയ്തിട്ടും പരിഹാരം ഒന്നും കണ്ടില്ലല്ലോ. ഇനിയും എനിക്കു പറയുവാനുള്ളതുകൂടി കേട്ടിട്ടു ചർച്ച തുടർന്നാട്ടെ.

വർഷങ്ങൾക്കു മുമ്പെ സാമാന്യം നല്ല വിദ്യാഭ്യാസവും കഴിഞ്ഞ് വീട്ടിൽ നിൽക്കുമ്പോഴാണ് പ്രിയപ്പെട്ടവനുമായുള്ള വിവാഹാലോചനയുമായി ഒരാൾ വീട്ടിൽ വന്നത്. ഞാനും ഒരു വിശ്വാസിയായതുകൊണ്ട് വീട്ടുകാരുടെ ഉപദേശമനുസരിച്ച് വിവാഹത്തിന് എതിരു പറഞ്ഞില്ല. സ്ത്രീധനവും അല്പം കുറച്ചാണു അവർ ചോദിച്ചത്.  അങ്ങനെയാണു ഞാൻ ഒരു ഉപദേശിയുടെ ഭാര്യയായത് . എന്നാൽ ഞാൻ വിവാഹം കഴിച്ചത് ഒരു ദൈവദാസനെ മാത്രമല്ല ഒരു സഭയെ മുഴുവനുമായാണ് എന്ന സത്യം വളരെ വേഗം എനിക്കു മനസിലായി.

വാസ്തവമായി പറയട്ടെ, വീട്ടിലെ ദൈവദാസൻ പ്രത്യേകാൽ ദൈവവിളി കേട്ടാണ് സുവിശേഷവേലയ്ക്ക് ഇറങ്ങിയത്. എന്നാൽ ഞാനാകട്ടെ നിങ്ങളെപോലെ ഒരു സാധാരണ വിശ്വാസിയായിരുന്നു.  ഭർത്താവിനു വേണ്ടുന്നതൊക്കെ നോക്കികണ്ട് ദൈവത്തെ വിളിച്ചു കുടുംബം പുലർത്തിയാൽ മാത്രം മതിയാകുമെന്നാണ് ഞാൻ ആദ്യം നിനച്ചത്. എന്നാൽ എന്റെ കണക്കുകൂട്ടലുകളെല്ലാം തെററായിരുന്നു. മറിച്ച് സകല ഭാര്യമാരിൽ നിന്നും ഞാൻ ഒരു പ്രത്യേക ജീവിയായിരിക്കുമെന്ന് ആരും എന്നെ ഉപദേശിക്കുവാനില്ലായിരുന്നു.

കമ്മററിക്കാർ തമ്മിൽ തമ്മിൽ നോക്കുക മാത്രം ചെയ്തു. ദൈവദാസി തുടർന്നു.

കുടുംബജീവിതത്തിലേക്കു കടന്ന ആദ്യത്തെ ആഴ്ച മധുവിധുവിന്റെ സ്പനങ്ങളുമായാണ് ഞാൻ ഭർത്തൃഗ്രഹത്തിലെത്തുന്നത്. എന്നാൽ അടുത്ത ദിവസം ഞായറാചയായതിനാൽ പാസ്ററർ സഭായോഗത്തിനായുള്ള ഒരുക്കത്തിന്റെ തിരക്കിലായിരുന്നു. പിന്നെ ഇടക്കൂട്ടം, മാസയോഗം, കൺവൻഷൻ എല്ലാം കഴിഞ്ഞ് ഒരു സ്വകാര്യ ജീവിതം നാൾഇതുവരെയും ഞങ്ങൾക്കുണ്ടായിട്ടില്ല. സ്ഫടിക പാത്രത്തിലെ സ്വർണ്ണമത്സ്യം പോലെയാണു ജീവിതം. ഓരോ ചലനവും നോക്കി

നിൽക്കുന്ന നിങ്ങളെ പോലെ ഒരു കൂട്ടർ എപ്പോഴും ചുററുമുണ്ട്. എനിക്കതിൽ പരാതിയുമില്ല.

പിന്നെ ഒരു കാര്യം കൂടി. വിശ്വാസ ഭവനമായതിനാൽ എല്ലാദിവസവും അതിഥികളാണ്. അവർക്കെല്ലാം പ്രമേഹവും പ്രഷറും അറിഞ്ഞു ഭക്ഷണം ക്രമീകരിക്കണം. സഭാവിശ്വാസികളുടെ വീട്ടിൽ ആർക്കെങ്കിലും പനിയായാൽ പാസ്ററുടെ ഭാര്യ പൊതികെട്ടി ആഹാരം എത്തിക്കണം. ചുരുക്കത്തിൽ ഒരു ചെറിയ ഹോട്ടലും ഞാനിവിടെ നടത്തുന്നു. വിശ്വാസവീട്ടിൽ അരിയും മുളകും ഉണ്ടോ എന്ന് സഭക്കാരോ നിങ്ങൾ കമ്മററിക്കാരോ ചോദിക്കാറില്ല. എന്തെങ്കിലും കുറവു വന്നാൽ കുററം പറയുന്നവർ നല്ല കാര്യം കണ്ടാൽ ഒരു വാക്കിൽ പ്രോത്സാഹിപിക്കാറില്ല. കർത്താവിൻെറ “ദാസി” എന്നു എന്നെ ചിലർ വിളിക്കുന്നതിൻെറ അർഥം പോലും ഞാൻ സംശയിക്കാറുണ്ട്.

സെക്രട്ടറി മുന്നിലുരുന്ന ഗ്ലാസിലെ മുഴുവൻ വെള്ളവും ഒററ കവിളിൽ അകത്താക്കി.

ഇനിയും കേട്ടാട്ടെ, അവർ തുടർന്നു. ഞായറാഴ്ച വെളുപ്പിനെ സഭാ പരിസരം തൂത്തുവാരണം, പായ് വിരിക്കണം. വരുന്നവർക്കെല്ലാം ജീരികവെള്ളം. ചായ, കാപ്പി തുടങ്ങിയ വിവിധ പാനീയങ്ങൾ ഒരുക്കിവയ്ക്കണം. ഞായറാഴ്ച ഉണ്ണാൻ ആരൊക്കെകാണും എന്നു ഊഹിച്ചറിഞ്ഞ് എവർക്കും ആർഭാടമായി ഉച്ചഭക്ഷണം ഒരുക്കി വിച്ചിട്ട് പാസ്ററർ പ്രാർഥിക്കുമ്പോഴേ ആരാധനാലയത്തിൽ മുൻപിൽ ഇരുപ്പുറപ്പിക്കണം. അല്പം തെററിയാൽ സകലവും തെററി. ഞാനാരു “വേലക്കാരി”യാണെന്നതുകൊണ്ട് മറെറാരു വേലക്കാരിയെ പാഴ്സനേജിൽ വയ്ക്കാനും നിങ്ങൾ അനുവദിക്കത്തില്ലല്ലോ.

ചിലവു ചുക്കുക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന കമ്മററിമെംബൽ മത്തായിക്കുട്ടി കൈലേസു കൊണ്ട് മുഖം തുടച്ച് നെററിയിൽ പൊടിച്ചു വന്ന ജലാംശത്തെ മായിച്ചു കളഞ്ഞു,

പിന്നെ സഭയല്ലേ, മിക്കപോഴും എന്തെങ്കിലും പരിപാടികൾ കാണും. സ്നാനം, ശിശുപ്രതിഷ്ഠ, വിദേശത്തു നിന്നും വരുന്നവർ. ഇവർക്കൊക്കെ ആർഭാടം കാണിക്കാൻ സഭയിൽ പാർട്ടികളും നടത്തും എന്നും നിങ്ങൾക്കറിയാമല്ലോ. ഇതിനെല്ലാം ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്യണം. ഒടുവിൽ ഭക്ഷണവും കഴിഞ്ഞ് കമ്മററിക്കാരുൾപെടെ എല്ലാവരും സ്ഥലം വിടും. എച്ചിലുവാരുന്നതും വൃത്തിയാക്കുന്നതും പാസ്ററുടെയും ഭാര്യയുടെയും മറെറാരു മിനിസ്ട്രിയാണ്. എവിടെങ്കിലും അപാകതവന്നാലും കുററും നമുക്കുതന്നെ.

സഭായോഗത്തിൽ എല്ലാവരുടെയും സാക്ഷ്യവിഷയം തലവേദനയും നടുവേദനയുമൊക്കെയായലും പാസ്ററുടെ ഭാര്യയക്കു മാത്രം രോഗം പാടില്ല. അങ്ങനെവന്നാൽ അതു പ്രാർഥനയുടെ കുറവാണ്. അതുകൊണ്ട് വിശ്വാസഭവനത്തിൽ ആർക്കും രോഗിയായി കിടക്കാൻ അനുവാദമില്ല. അപ്പോൾ തന്നെ അന്നു നടുവേദനയാണെന്നു സാക്ഷ്യം പറഞ്ഞ സകല ആളുകളെയും നേരിൽ കണ്ടു “അയ്യോ പാവം” പറയാതിരുന്നാൽ പിന്നെ പരാതിയായി, പാസ്ററെയും ഭാര്യയെയും സ്ഥലം മാററാനാനയിരിക്കും ഇവരുടെ അടുത്ത പരിപാടി.

മനസിൽ വിവിധങ്ങളായ പിരിമുറുക്കവുമായാണ് ചിലപോൾ ഞാനും നടക്കുക. മുഖത്തു പ്രസാദം വരുത്താൻ ശ്രമിച്ചാലും നടക്കുകയില്ല. പിന്നെ പരാതികളായി. പാസ്ററുടെ ഭാര്യ എന്നെ കണ്ടിട്ടു നോക്കിയില്ല, ചിരിച്ചില്ല. ഇനിയും ചിരിച്ചാലോ, സാലിയെ നോക്കിച്ചിരിച്ചു, എന്നെ കണ്ടഭാവം നടിച്ചില്ല എന്നായി പരാതി. ഇങ്ങനെ രണ്ടിനാലും ഞെരങ്ങുന്ന അനേകം അനുഭവങ്ങൾ മിക്കവാറും ഉണ്ടാകാറുണ്ട്.

ഒരു ദൈവദാസൻെറ ഭാര്യയായതുകൊണ്ടു ദൈവത്തെമാത്രം പ്രസാദിപിച്ചാൽ പോരാ, സകല സഭാജനങ്ങളെയും പ്രസാദിപ്പിക്കണം എന്ന വലിയഭാരമാണ് എനിക്കുള്ളത്. സഭയിൽ ഗ്രൂപ്പിസം വന്നാൽ ഒരു കൂട്ടരോടു സഹകരിച്ചാൽ മറുഭാഗം ഇടയും. ഞങ്ങളുടെ വേദന ആരും തിരക്കില്ലെങ്കിലും മററെല്ലാവരുടെയും പരാതികൾ മണത്തറിഞ്ഞു പ്രതികരിക്കണം. സദാസമയവും മുഖത്തു പ്ലാസ്ററിക്കു പുഞ്ചിരിയുമായി വേണം നടക്കുവാൻ. മക്കളെപററിയുള്ള വിമർശനത്തിനു ഞാനിവിടെ സമയമെടുക്കുന്നില്ല, അവർ ചെയ്യുന്നതെല്ലാം കുററം. നടപ്പ്, മുടി വെട്ട്, തുണി എല്ലാം എല്ലാം. പാപമില്ലാത്തവർ കല്ലെറിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു.

ഇനിയും ഞാൻ നിർത്തട്ടെ. ഞങ്ങൾ പാസ്റററുടെ ഭാര്യമാരും നിങ്ങളെപോലെ മനുഷ്യജീവിതമാണെന്നു മനസിലാക്കുക. നിങ്ങൾ ഞങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത് നിങ്ങൾ മറിച്ചും നൽകുവാൻ ശ്രമിക്കുക. പരാജയപെട്ടാൽ ഞങ്ങൾ ഒരിക്കലും പരാതി പറയുകയില്ല. കുറഞ്ഞപക്ഷം പരിശ്രമിച്ചതിനു നന്ദി.

സാരിയുടെ തുമ്പുകൊണ്ട് അവർ കണ്ണീരൊപ്പുന്നതിനിടയിൽ കമ്മററിയോഗത്തിൻെറ അവസാനം സൂചിപിച്ചുകൊണ്ട് സെക്രട്ടറിയും മൂപ്പനും കസേരയിൽ നിന്നും എഴുന്നേററു. ദൈവദാസി പാഴ്സനേജിലേക്കു നടന്നകലുമ്പോൾ ഒരു ലജ്ജയുടെ വിളറിയ നിറം എല്ലാവരുടേയും മുഖത്തു കാണാമായിരുന്നു.

MGM Ministries-Article Source: Pastor's Wife - Roy Mepral